Mr. Speaker: No discussion can be allowed. Facts may be ascertained.

Sri. D. Gnanasigamoni: May I know whether there is any similar scheme anywhere in India?

Sri. T. K. Narayana Pillai: The hon'ble Member himself can make enquiries.

ആലുവാ ബസ്സ് സ്റ്റാൻഡ്

* ൭൪൨. (൨൩) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മാരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലുവാ ബസ്സ് സ്റ്റാൻറിൽനിന്നും ദിവസംതോറും പോകുന്നതും വരുന്നതുമായ ബസ്സുകൾ എത്ര;

(ബി) ആലുവായിൽ ബസ്സ് സ്റ്റാൻഡ് ഉണ്ടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉണ്ടാക്കാൻ ആലോചിക്കുന്നുണ്ടോ, എന്നത്തേക്ക്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഡിപ്പാർട്ട്മെൻറൽ ബസ്സുകൾ ൨൫. പ്രൈവറ്റ് ബസ്സുകൾ ൩൫

(ബി) ബസ്സ് സ്റ്റാൻഡ് ഉണ്ട്. വാടകസ്ഥലത്താണ്. ഡിപ്പാർട്ട്മെൻറ് വകയായിട്ടു ബസ്സ് സ്റ്റാൻഡ് ഉണ്ടാക്കുന്ന പദ്ധതി ഡിപ്പാർട്ടുമെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: ഏതു സ്ഥലത്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: സ്ഥലം സംബന്ധമായിട്ട് കിട്ടാത്തതുകൊണ്ടാണ് ഉണ്ടാക്കാത്തത്. ആലുവായിൽ സർവ്വേ ൦ ൬/൫ ആയിൽ സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

സാഹിബ് ബഹദൂർ കെ. സി എ. മേത്തർ: ഈ സ്ഥലം റെയിൽവേ സ്റ്റേഷനടുത്താണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെന്നാണ് തോന്നുന്നത്.

ബസ്സ് ടിക്കറ്റുകൾ

* ൭൪൩. (൨൭) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ബസ്സുകളിൽ യാത്രക്കാർക്ക് ടിക്കറ്റ് കൊടുക്കുന്ന സമ്പ്രദായം എങ്ങനെ;

(ബി) യാത്രക്കാർ ബസ്സിൽ കയറിയിരുന്നശേഷം കൊടുക്കുന്നതോ, കാലേക്കൂട്ടി ബുക്കിംഗ് ആഫീസിൽനിന്നും കൊടുക്കുന്നതോ സാധാരണ പതിവ്;

(സി) ആലുവാ സ്റ്റാൻറിൽ ഏതു സമ്പ്രദായമാണ് ഇപ്പോൾ നടപ്പിലിരിക്കുന്നത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) യാത്രക്കാർ ബസ്സിൽ കയറിയതിനുശേഷവും അതിനുമുമ്പും ടിക്കറ്റുകൊടുക്കുക സാധാരണയാണ്. കാലേക്കൂട്ടി ബുക്കിങ് ആവശ്യപ്പെട്ടപ്പോൾ കൊടുക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ടു സമ്പ്രദായവും സ്വീകരിച്ചു വരുന്നുണ്ട്.
(സി) രണ്ടു സമ്പ്രദായവും.

ടി. ബി-യും റസ്റ്റ്ഹൗസും

* ൭൫൫. (൨൫) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

സ്റ്റേറിലുള്ള ടി. ബി., റസ്റ്റ്ഹൗസ് മുതലായതിന്റെ മാനേജ്മെന്റുകളും എതെങ്കിലും സ്വകാര്യ വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ വിട്ടുകൊടുക്കുന്നതിനു് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ആവശ്യമെന്തു്; ആക്കാര്യം കൊടുക്കുന്നതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ആലോചിച്ചിട്ടില്ല.

സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: അതിലേക്കായി ആരെങ്കിലും ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഗവൺമെന്റുവക ഗസ്റ്റ് ഹൗസുകളിൽ കേറാറിംഗിന്റെ ആവശ്യത്തിനുവേണ്ടി ഡിക്രൂസ് എന്നൊരാൾ അപേക്ഷിച്ചിട്ടുണ്ട്. അദ്ദേഹം വലിയതുറയിലുള്ള ആളാണ്. അതിനെപ്പറ്റി ഇതുവരെ ഒന്നും തീരുമാനിച്ചിട്ടില്ല.

BRIDGE AT MUDAKKUZHA THODU

***745.** (29) **Sri. M. Varki:** Will the Hon'ble Minister for Communications be pleased to state:—

(*a*) whether the P. W. Committee (Kunnathunad taluk) had advised the department for the general improvement of two miles of road and the construction of an wooden bridge at Mudakkuzha Thodu in the Keezhillum-Kurichilacodu road under departmental maintenance;

(*b*) whether the department has prepared any estimate for the above work; and

(*c*) whether the estimate has been sanctioned and if not why not?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) Yes.

(*c*) An estimate has been sanctioned.

ശ്രീ. എൻ. പി. വർക്കീസ്: ഈ റോഡ് ഇത്ര മോശമായി കിടക്കാൻ കാരണമെന്താണു്?

ശ്രീ. സി. കേശവൻ: ശരിയായി മെയിൻറനൻസ് നടത്താത്തതുകൊണ്ടായിരിക്കണം.

ശ്രീ. എൻ. പി. വർക്കീസ്: ഡിപ്പാർട്ടുമെന്റിന്റെ അശ്രദ്ധകൊണ്ടാണോ ഇങ്ങനെ വന്നതു്?

ശ്രീ. സി. കേശവൻ: അശ്രദ്ധകൊണ്ടുമായിരിക്കാം, ചിലപ്പോൾ മെയിൻറനൻസ് ചെയ്യുന്നതിനുള്ള അവിടെ ട്രാഫിക്ക് ഇല്ലാത്തതുകൊണ്ടുമായിരിക്കാം.

Sri. P. Balakrishnan Tampi: This being a starred question and in view of the importance of the discussion, will the Government issue a press note about this?

Mr. Speaker: That is a suggestion for action.

LIBRARY ARCHIVES Kerala Legislative Assembly